**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4926** — **14-03-2023 - ൽ മറുപടിയ്ക്ക്**

**മെച്ചപ്പെട്ട റോഡ് നിർമ്മാണവും പരിപാലനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യാപകമായി റോഡുകളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി മൂലം റോഡുകൾ ഗതാഗത യോഗ്യമല്ലാതായ സാഹചര്യത്തിൽ സമയബന്ധിതമായി പ്രസ്തുത റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളിൽ യൂട്ടിലിറ്റി പ്രവൃത്തി നടക്കുമ്പോൾ ഏകോപനം സാധ്യമാക്കുന്നതിനായി 14.02.2023 ലെ ജി.ഒ (എം.എസ്) നം.11/2023/പി.ഡബ്ല്യൂഡി പ്രകാരം പുതുക്കിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത് വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റ് ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും, അനുമതി ലഭ്യമാക്കുന്നതും റൈറ്റ് ഓഫ് വേ (Row) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്ന താണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും, നൽകി വരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ആധുനിക രീതിയിൽ റോഡ് നിർമ്മാണം സാധ്യമാക്കുന്നതിന് ഡിസൈൻ പോളിസി നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ നടപ്പാക്കുന്നതടക്കം പശ്ചാത്തല വികസന മേഖലയിൽ സമഗ്ര പരിഷ്കാരങ്ങൾ ലക്ഷ്യമിട്ട് ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്കു ശക്തി പകരുന്ന തരത്തിൽ പാലങ്ങളും, റോഡുകളും, പൊതുകെട്ടിടങ്ങളും, തെരുവുകളും രൂപകല്പന ചെയ്യുന്നതിനായി |

| | | | |
|---|---|---|---|
| | | | ഡിസൈൻ പോളിസി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഡിസൈൻ പോളിസിയുടെ കരട് നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ